പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2215 18.12.2012 -ലെ മറുപടി

## കെ.എസ്.ആർ.ടി.സി. യിൽ ഇ-ഗവേണൻസ്

ചോദ്യം

ശ്രീ. എ. റ്റി. ജോർജ്
" ജോസഫ് വാഴക്കൻ
" വർക്കല കഹാർ
" തേറമ്പിൽ രാമകൃഷ്ണൻ

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. യിൽ ഇ-ഗവേണൻസ് നിലവിൽ വന്നിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതികളുടേയും വിശദാംശം ലഭ്യമാക്കുമോ; | (ബി) | കെ.എസ്.ആർ.ടി.സി.യിൽ ഇ-ഗവേണൻസ് സംവിധാനം നടപ്പിലാക്കി വരികയാണ്. കുറ്റമറ്റതും, കാര്യക്ഷമവും, സുതാര്യവുമായ ഭരണസംവിധാനം ഏർപ്പെടുത്തുക എന്നതാണ് പ്രധാന ഉദ്ദേശ ലക്ഷ്യം. |
| (സി) | എന്തെല്ലാം സൗകര്യങ്ങളാണ് ഇതു വഴി പൊതുജനങ്ങൾക്ക് ലഭിക്കുന്നത്; വിശദമാക്കുമോ? | (സി) | വിവര സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ പരമാവധി സേവനങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്.<br>1. ഇന്റർ നെറ്റ് മുഖേന ബസ്സുകളുടെ ടിക്കറ്റുകൾ ഓൺ-ലൈൻ ആയി മുൻകൂർ ബുക്ക് ചെയ്യുവാനുള്ള സൗകര്യം.<br>2. ബസ്സുകളുടെ സമയക്രമം മൊബൈൽ ഫോണിലൂടെ എസ്.എം.എസ്. ആയി ലഭ്യമാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | 3. കോർപ്പറേഷനെ സംബന്ധിച്ചുള്ള പൊതു വിവരങ്ങൾ ഔദ്യോഗിക വെബ് സൈറ്റിലൂടെ ലഭ്യമാക്കിയിട്ടുണ്ട്.<br>4. പുതിയ തലമുറയിലെ ഇലക്ട്രോണിക് ടിക്കറ്റിംഗ് മെഷീൻ നടപ്പിലാക്കുന്നതോടെ കണ്ടക്ടറുടെ കൈവശമുള്ള മെഷീൻ ഇന്റർനെറ്റുമായി ബന്ധിപ്പിച്ച് ബസ്സിനുള്ളിലെ യാത്രക്കാരുടെ എണ്ണം ലഭ്യമാക്കാനും, അത്തരത്തിൽ സീറ്റിന്റെ ലഭ്യത അറിയുവാനും കഴിയും.<br>5. ബസ്സിന്റെ വേഗത, സമയക്രമം എന്നിവ നിരീക്ഷിക്കുന്നതിനും, നിയന്ത്രിക്കുന്നതിനും, കഴിയുന്നതു കാരണം യാത്രക്കാർക്ക് സുരക്ഷിതവും, കൃത്യവുമായ സേവനം ലഭ്യമാക്കാൻ കഴിയും. |
| (ഡി) | ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഇത് നടപ്പാക്കുന്നത്; വിശദമാക്കുമോ? | (ഡി) | C-DAC, IT Mission എന്നീ ഏജൻസികളുടെ സഹായത്തോടെയാണ് ഇത് നടപ്പിലാക്കി വരുന്നത്. |

Geethakumari (signature)
സെക്ഷൻ ഓഫീസർ